# ബറാബ (Baraba Fruit)



മാംഗോസ്റ്റീൻ ഉൾപ്പെടുന്ന ഗാർസിനിയ കുടുംബത്തിൽ പെട്ട മറ്റൊരു പഴം. ഇംഗ്ലീഷിൽ ലെമൺ ഡ്രോപ്പ് മാംഗോസ്റ്റിൻ എന്ന വിളിപ്പേരു കിട്ടിയതിനും ഈ സാമ്യമാണ് കാരണം. മധ്യ അമേരിക്കയിലെ ഉഷ്ണമേഖലാ പ്രദേശങ്ങളിലാണ് ഉത്ഭവം. പഴത്തിന് വലുപ്പം തീരെ കുറവാണ്. പുറന്തോടിന് കനം തീരെ കുറവും മഞ്ഞ നിറവുമായിരിക്കും. അകമേയുള്ള അല്ലികൾക്ക് വെളുത്ത നിറം. മധുരവും പുളിയും ചേർന്ന സ്വാദാണിവയ്ക്ക്. വൈൻ, ജാം, ജെല്ലി എന്നിവ തയ്യാറാക്കുന്നതിന് ഉപയോഗിക്കാം. ബറാബയുടെ ഇലകളും ശാഖകളും കാഴ്ചയ്ക്ക് വളരെ സുന്ദരമാണ്. അതിനാൽ വീട്ടുവളപ്പുകളിൽ അലങ്കാരത്തിനായും വളർത്താം.

# മാമീ സപ്പോട്ടേ (Pouteria Sapota)



അമേരിക്കൻ ഉപ ഭൂഖണ്ഡമാണ് മാമീ സപ്പോട്ടേയുടെ ജന്മദേശം. പഴത്തിന്റെ പുറന്തൊലി പരുപരുത്ത് ബ്രൗൺ നിറത്തിലുള്ളതായിരിക്കും. എന്നാൽ അകക്കാമ്പ് മൃദുവും ഓറഞ്ച് അല്ലെങ്കിൽ കടുംചുവപ്പ് നിറത്തിലുള്ളതുമായിരിക്കും. മധുരരസം മുന്നിട്ടു നിൽക്കുന്ന അകക്കാമ്പ് മൃദുവും ചെറി-ആൽമണ്ഡ് സ്വാദ് കലർന്നതുമായിരിക്കും. പഴത്തിൽ വിറ്റമിൻ എ, പൊട്ടാസിയം എന്നിവ സമൃദ്ധമായി അടങ്ങിയിരിക്കുന്നു. ശാഖകളിൽ നേരിട്ടാണ് പഴങ്ങളുണ്ടാകുന്നത്. ഇവ വലുതും ദീർഘവൃത്താകൃതിയിലുള്ളതുമായിരിക്കും. നീളം ഇനത്തിനനുസരിച്ച് വ്യത്യാസം വരാമെങ്കിലും പൊതുവേ 6-9 ഇഞ്ച്. പഴത്തിനുള്ളിൽ സാധാരണയായി ഒരൊറ്റ വിത്ത് മാത്രമേ ഉണ്ടാകാറുള്ളൂ. ചിലപ്പോൾ രണ്ട് വിത്ത് വരെ കണ്ടേക്കാം. പഴത്തിന്റെ ഭാരം 400 ഗ്രാം മുതൽ 2.5 കിലോഗ്രാം വരെ കണ്ടേക്കാം. മരത്തിൽ നിന്നു പഴം മൂപ്പെത്താൻ പതിനെട്ടു മാസം വേണം. ഗ്രാഫ്റ്റാണ് നടീലിനെടുത്തതെങ്കിൽ രണ്ടാംവർഷം കായുണ്ടായിത്തുടങ്ങും. മരത്തിന്റെ ഉയരം 12-15 അടിയിൽ ക്രമീകരിക്കുകയാണെങ്കിൽ വിളവെടുപ്പ് അനായാസമാകും. വിളവെടുപ്പിനു ശേഷം കൊമ്പുകോതൽ നല്ലതാണ്.